**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3593** **14-07-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളിൽ യുവാക്കളുടെ മത്സരയോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡുകളിൽ യുവാക്കൾ ടൂ വീലർ വാഹനങ്ങളിൽ മത്സരയോട്ടം സംഘടിപ്പിക്കുന്നതും അപകടങ്ങളിൽപ്പെടുന്നതുമായ സംഭവങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | റോഡുകളിൽ യുവാക്കൾ ടൂ വീലർ വാഹനങ്ങളിൽ മത്സരയോട്ടം സംഘടിപ്പിക്കുന്നതും അപകടങ്ങളിൽപ്പെടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം നിയമ ലംഘനങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് 22.06.2022 മുതൽ 05.07.2022 വരെ ഓപ്പറേഷൻ റേസ് എന്ന പേരിൽ ഒരു പ്രത്യേക പരിശോധന നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ റോഡ് സേഫ്റ്റി അതോറിറ്റിയുമായി ചേർന്ന് നിരന്തരം ബോധവൽക്കരണ ക്ലാസുകളും മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്നുണ്ട്. തുടർന്നും ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ